തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട്, മലപ്പുറം - 676 502
ഫോൺ: 0494 2631230

**സംഗ്രഹം**

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല - എഴുത്തച്ഛൻപഠന സ്കൂൾ എഴുത്തച്ഛൻ നിഘണ്ടു തയ്യാറാക്കുന്നതിന് എമിററ്റസ് പ്രൊഫസർ തസ്തികയിൽ ഡോ.എച്ച്.കെ സന്തോഷിനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ (എ) വിഭാഗം**

നമ്പർ: 4610/2025/എ2/അഡ്മിൻ തീയതി : 07.09.2026

---

പരാമർശം: 1) 23.02.2026 തീയതിയിലെ എഴുത്തച്ഛൻപഠന സ്കൂൾ ഡയറക്ടറുടെ അപേക്ഷ

2) 25.05.2026 തീയതിയിലെ നിർവാഹകസമിതിയുടെ എഴുപത്തിനാലാമത് യോഗത്തിലെ 2026.54 നമ്പർ തീരുമാനം

3) 10.07.2026 തീയതിയിലെ എഴുത്തച്ഛൻപഠന സ്കൂൾ ഡയറക്ടറുടെ കത്ത്

4) 29.07.2026 തീയതിയിലെ നിർവാഹകസമിതിയുടെ എഴുപത്തി അഞ്ചാമത് യോഗത്തിലെ 2026.107 നമ്പർ തീരുമാനം

**ഉത്തരവ്**

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ എഴുത്തച്ഛൻപഠന സ്കൂളിൽ എഴുത്തച്ഛൻ നിഘണ്ടു തയ്യാറാക്കുന്നതിന് ഒരു വിസിറ്റിംങ് ഫാക്കൽറ്റിയെ നിയമിച്ച് നൽകണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) പ്രസ്തുത അപേക്ഷ പരിഗണിച്ച് വിസിറ്റിംങ് ഫാക്കൽറ്റിയായി ഡോ.എച്ച്.കെ സന്തോഷിനെ 30,000/- രൂപ സഞ്ചിത വേതനത്തിൽ നിയമിക്കുവാൻ പരാമർശം (2) പ്രകാരം നിർവാഹകസമിതിയിൽ തീരുമാനമായി. എന്നാൽ യു.ജി.സി യുടെ മാർഗനിർദ്ദേശത്തിൽ വിസിറ്റിംഗ് ഫാക്കൽറ്റി എന്നതിനു പകരം വിസിറ്റിംഗ് പ്രൊഫസർ നിയമനത്തിന് പാലിക്കേണ്ട മാർഗനിർദ്ദേശങ്ങളാണ് നിഷ്കർഷിച്ചുള്ളത് എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വൈസ് ചാൻസലറുടെ നിർദ്ദേശ പ്രകാരം എഴുത്തച്ഛൻപഠനസ്കൂൾ ഡയറക്ടറിൽ നിന്നും പരാമർശം (3) ലഭ്യമാക്കുകയും ആയത് നിർവാഹക സമിതിയിൽ സമർപ്പിക്കുകയും ചെയ്തു.

3) പരാമർശം (4) നിർവാഹകസമിതി മേൽ വിഷയം വിശദമായി പരിശോധിക്കുകയും " യു.ജി.സി ചട്ടങ്ങൾ പരിശോധിച്ച് തസ്തികയുടെ പേര് നിശ്ചയിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തി" തീരുമാനമാകുകയും ചെയ്തു

4) മേൽ സാഹചര്യത്തിൽ പരാമർശം (2), (4) നിർവാഹകസമിതി തീരുമാനങ്ങൾ നടപ്പിലാക്കികൊണ്ട് എഴുത്തച്ഛൻ നിഘണ്ടു തയ്യാറാക്കുന്നതിന് ഡോ. എച്ച്.കെ സന്തോഷിനെ 30,000/- രൂപ സഞ്ചിത വേതനത്തിൽ എമിററ്റസ് പ്രൊഫസർ തസ്തികയിൽ ഒരു വർഷം അല്ലെങ്കിൽ പ്രൊജക്ട് കഴിയുംവരെ, ഏതാണോ ആദ്യം അത് വരെ, നിയമിക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

5) മേൽ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**ഡെപ്യൂട്ടി രജിസ്ട്രാർ**

**രജിസ്ട്രാർക്കു വേണ്ടി**

1. ഡോ.എച്ച്.കെ. സന്തോഷ്
2. ഡയറക്ടർ, എഴുത്തച്ഛൻപഠന സ്കൂൾ

പകർപ്പ്:
വി.സി.കാര്യാലയം/പി.എ. ടു. രജിസ്ട്രാർ /ഐ.ക്യു.എ.സി./ ഫിനാൻസ് വിഭാഗം / ജെ.ഡി.,കെ.എസ്.എ.ഡി. മലയാളസർവ്വകലാശാല/
ആഫീസ് രേഖ/കരുതൽ രേഖ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**